LIBRARY ARCHIVES Kerala Legislative Assembly

മുഴിക്കൽ തോടുകളുടെ പാർശ്വ സംരക്ഷണം, എടവലത്തുതാഴെ അടിവയൽ ഫാം റോഡിന്റെ നിർമ്മാണം, തോട്ടുക്കുമ്മൽ ഇറിഗേഷൻ സ്കീം, എടവലത്തു താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, പാറമണൽ താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, വാരാപ്പുറത്ത് താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, എടവലത്തുതാഴെ പമ്പ് ഹൗസ് നിർമ്മാണം, പാറമണൽ താഴെ പമ്പ് നിർമ്മാണം വാരാപ്പുറത്ത് താഴെ പമ്പ് ഹൗസ് നിർമ്മാണം, അടിവയൽ കാപ്പ നവീകരണം, തോട്ടുക്കുമ്മലിലെ വി.സി.ബി. നിർമ്മാണം, തെയ്യാട്ട താഴെ പാടശേഖരത്തിലെ തെയ്യാട്ട താഴെമണിക്കോത്തു താഴെ തോടുകളുടെ പാർശ്വ സംരക്ഷണം, ശാന്തിനഗർ പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, ചെറുകുന്ന് പാടശേഖരത്തിലെ കുണ്ടുകുട്ടിൽ താഴില്ല്യത്ത് താഴെതോട്ട പാർശ്വ സംരക്ഷണം.

കുറ്റ്യാടി പഞ്ചായത്തിലെ ഊരാത്ത്, വടയത്ത് പാടശേഖരങ്ങളുടെ തോടുകളുടെ പാർശ്വസംരക്ഷണം, ഊരാത്ത് പാടശേഖരത്തിലെ വി.സി.ബി. നിർമ്മാണം, എൽ.എസ്. ഫോർ കെ.എസ്.ഇ.ബി. കണക്ഷൻ എന്നിവയാണ് പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ.

(സി&ഡി) ഇല്ല. പരിശോധനയിലാണ്.

(ഇ) 500 ഹെക്ടറോളം സ്ഥലത്ത് കൂടുതലായി ചെയ്യാൻ കഴിയും. ഏകദേശം 1750 മെട്രിക് ടൺ നെല്ല് കൂടുതലായി ഉല്പാദിപ്പിക്കാൻ കഴിയും.

സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനം

207 (3493) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) കാലാവസ്ഥാ ദുരിതമുണ്ടായാൽ കൃഷിക്കാരന് കൈയോടെ സാമ്പത്തിക സഹായം അനുവദിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇപ്രകാരം എത്ര കർഷകർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട് എന്നും വിശദമാക്കാമോ ;

(സി) പുതിയ കൃഷി രീതികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി ജീവനക്കാർക്ക് പരിശീലനം നൽകാൻ സാമ്പത്തിക മാന്ദ്യം എത്രത്തോളം തടസ്സമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷി ഭവനുകൾ സാധാരണ നിലയിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

(ബി) ഇത്തരത്തിൽ കൃഷി വകുപ്പ് ഒരു പ്രഖ്യാപനം നടത്തിയിട്ടില്ല.

(സി) ഇത്തരത്തിൽ തടസ്സമുണ്ടായിട്ടില്ല.

സുരക്ഷിതമായ പച്ചക്കറി

208 (3494) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണിയിലെത്തുന്ന പച്ചക്കറികളിൽ സംസ്ഥാനത്തുള്ളവ എത്ര ശതമാനം; മറ്റു സംസ്ഥാനത്തു നിന്നുള്ളവ എത്ര ശതമാനം ; സംസ്ഥാനത്തുള്ള പച്ചക്കറികളിൽ ദിവസേന എത്ര ഇകയുടെ കച്ചവടം നടക്കുന്നു എന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ ദിവസേന എത്ര ഇകയുടെ കച്ചവടം നടക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) മറ്റു സംസ്ഥാനത്തു നിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി നിലവിൽ എന്തു സംവിധാനങ്ങളുണ്ട് ; വ്യക്തമാക്കുമോ ;

(സി) പച്ചക്കറികളിലെ കീടനാശിനി പ്രയോഗം നിലവിൽ പരിശോധന നടത്തുന്നത് എവിടെയെല്ലാം എന്നും എന്തു ഇക ഇതിനായി ഫീസ് ഇനത്തിൽ ഈടാക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ഡി) വിപണിയിലെത്തിക്കുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശനമായ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിപണിയിലെത്തുന്ന പച്ചക്കറികളിൽ സംസ്ഥാനത്തുള്ളവയുടേയും മറ്റ് സംസ്ഥാനത്തു നിന്നുള്ളവയുടേയും ശതമാനം തിരിച്ചുള്ള കണക്കുകളും ഈ സംസ്ഥാനത്തുള്ളതും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളതുമായ പച്ചക്കറികളിൽ ദിവസേന എത്ര ഇകയുടെ കച്ചവടം നടക്കുന്നു എന്നത് സംബന്ധിച്ച് തരം തിരിച്ചുള്ള കണക്കുകളൊന്നും ലഭ്യമല്ല.

(ബി) നാം നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികൾ മിക്കതും അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്നവ ആയതിനാൽ അവയിൽ അടങ്ങിയിരിക്കുന്ന വിഷാംശം എത്രയെന്ന്

LIBRARY ARCHIVES Kerala Legislative Assembly